**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5309** **21-07-2022 - ൽ മറുപടിയ്ക്ക്**

**വി കെയർ പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ടി.ഐ.മധുസൂദനൻ</th><th colspan="2">ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>വി കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിൽസാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;</td><td>(എ)</td><td>വി-കെയറിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സാമൂഹ്യ സുരക്ഷാ മിഷൻ കോ-ഓർഡിനേറ്റർമാർ മുഖേന അപേക്ഷകരുടെ സാമൂഹിക- സാമ്പത്തിക പശ്ചാത്തലം അന്വേഷിക്കുകയും, ടി അന്വേഷണ റിപ്പോർട്ടിന്റെയും, ചികിത്സാ ചെലവിന്റെ വ്യാപ്തിയുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന വി-കെയറിന്റെ വിവിധ കമ്മിറ്റികളിൽ ഇവ പരിഗണിക്കുകയും ചെയ്യും. രണ്ട് ലക്ഷം രൂപയ്ക്കു താഴെ വരുന്ന അപേക്ഷകൾ നേരിട്ട് വി-കെയർ കമ്മിറ്റിയിലും, രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ ചികിത്സാ ചെലവ് വരുന്ന അപേക്ഷകൾ സർക്കാർ മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാർ അടങ്ങുന്ന മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച് വീ കെയർ കമ്മിറ്റികളിൽ പരിഗണിച്ച് സഹായം നൽകുകയും ചെയ്തു വരുന്നു.<br><br><table>
<tr><td>വീ കെയർ കമ്മിറ്റികൾ</td><td>അനുവദിക്കാവുന്ന തുക</td></tr>
<tr><td>ഇംപ്ലിമെന്റേഷൻ കമ്മിറ്റി</td><td>10,000/- രൂപ വരെ</td></tr>
<tr><td>റിവ്യൂ & ഇംപ്ലിമെന്റേഷൻ കമ്മിറ്റി</td><td>10,000-25,000/- രൂപ വരെ</td></tr>
<tr><td>എക്സിക്യൂട്ടീവ് കമ്മിറ്റി</td><td>25,000-1,00,000/- രൂപ വരെ</td></tr>
<tr><td>ഗവേണിംഗ് ബോഡി</td><td>1,00,000/- രൂപയ്ക്ക് മുകളിൽ</td></tr>
</table></td></tr>
<tr><td>(ബി)</td><td>വികെയർ പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ വില്ലേജിൽ മനോജ് മകൻ അമയ് മനോജ് എന്ന കുട്ടിക്ക് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഈ സർക്കാരിന്റെയോ കഴിഞ്ഞ സർക്കാരിന്റെയോ കാലയളവിൽ ധനസഹായം അനുവദിച്ച് ഉത്തരവ്</td><td>(ബി)</td><td>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാസ്റ്റർ അമയ് മനോജിന്റെ (6 വയസ്സ്) കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് 15 ലക്ഷം രൂപ അനുവദിച്ചിരുന്നു.എന്നാൽ വിവിധ കാരണങ്ങളാൽ മാറ്റി വച്ച മാസ്റ്റർ. അമയ് മനോജിന്റെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പിന്നീട് 19.12.2021-നാണ് നടന്നത്. വീ കെയർ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക ബന്ധപ്പെട്ട ആശുപത്രിയിലേക്കാണ്</td></tr>
</table>

| | | | |
|---|---|---|---|
| | പുറപ്പെടുവിച്ചിരുന്നോ; വ്യക്തമാക്കാമോ; എങ്കിൽ അനുവദിച്ച തുക ആശുപത്രിക്ക് കൈമാറിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | | കൈമാറുന്നത്. ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകാറില്ല. ഇതിനിടയിൽ കുട്ടിയുടെ ചികിത്സയ്ക്കായി ചികിത്സാ സഹായ കമ്മിറ്റി രൂപീകരിയ്ക്കുകയും, 7,97,680/- രൂപ സമാഹരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഭാരിച്ച ചികിത്സാ ചെലവ് വരുന്ന ചികിത്സകൾക്ക് സമൂഹ മാധ്യമങ്ങൾ, സംഘടനകൾ, ചികിത്സാ സഹായ കമ്മറ്റികളോ വഴി ലഭിക്കുന്ന തുക കുറവു വരുത്തിയതിനു ശേഷമുള്ള ബിൽ തുകയാണ് ആശുപത്രിയിലേക്ക് നൽകുന്നത്. ആയതിനാൽ ആശുപത്രിയിൽ അടയ്ക്കുവാനുള്ള 15 ലക്ഷം രൂപയിൽ നിന്നും ചികിത്സാ സഹായ കമ്മിറ്റി വഴി സമാഹരിച്ച 7,97,680/- രൂപ കുറച്ചിട്ടുള്ള 7,02,320/- രൂപ ആശുപത്രിയിലേയ്ക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത വ്യക്തിയുടെ അപേക്ഷ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ടിയാന്റെ മകൻ മാസ്റ്റർ. അമയ് മനോജിന്റെ ചികിത്സയ്ക്കായി 15,00,000/ രൂപ വീ കെയർ പദ്ധതി വഴി അനുവദിച്ചിരുന്നു. എന്നാൽ 7,97,680/- രൂപ ചികിത്സാ സഹായ കമ്മിറ്റി വഴി അപേക്ഷകന് ലഭിച്ചതിനാൽ, കുട്ടിയുടെ ചികിത്സക്കായി അനുവദിച്ച 15,00,000/- രൂപയിൽ നിന്നും ചികിത്സാ സഹായ കമ്മിറ്റി വഴി സമാഹരിച്ച 7,97,680/- രൂപ കുറവ് വരുത്തിയിട്ടുള്ള തുകയായ 7,02,320/- രൂപ ആശുപത്രിയിലേയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | മേൽവ്യക്തി ധനസഹായത്തിനായി നിലവിൽ സോഷ്യൽ സെക്യൂരിറ്റി മിഷനിൽ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അപേക്ഷയുടെ നിലവിലെ സ്ഥിതിയും സ്വീകരിച്ച നടപടികളും വിശദമാക്കാമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാസ്റ്റർ അമയ് മനോജിന്റെ (6 വയസ്സ്) കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് 15 ലക്ഷം രൂപ അനുവദിച്ചിരുന്നു.എന്നാൽ വിവിധ കാരണങ്ങളാൽ മാറ്റി വച്ച മാസ്റ്റർ. അമയ് മനോജിന്റെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പിന്നീട് 19.12.2021-നാണ് നടന്നത്. വീ കെയർ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക ബന്ധപ്പെട്ട ആശുപത്രിയിലേക്കാണ് കൈമാറുന്നത്. ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകാറില്ല. ഇതിനിടയിൽ കുട്ടിയുടെ ചികിത്സയ്ക്കായി ചികിത്സാ സഹായ കമ്മിറ്റി രൂപീകരിയ്ക്കുകയും, 7,97,680/- രൂപ സമാഹരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഭാരിച്ച ചികിത്സാ ചെലവ് വരുന്ന ചികിത്സകൾക്ക് സമൂഹ മാധ്യമങ്ങൾ, സംഘടനകൾ, ചികിത്സാ സഹായ കമ്മറ്റികളോ വഴി ലഭിക്കുന്ന തുക കുറവു വരുത്തിയതിനു ശേഷമുള്ള ബിൽ തുകയാണ് ആശുപത്രിയിലേക്ക് നൽകുന്നത്. ആയതിനാൽ ആശുപത്രിയിൽ അടയ്ക്കുവാനുള്ള 15 ലക്ഷം രൂപയിൽ നിന്നും ചികിത്സാ സഹായ കമ്മിറ്റി വഴി സമാഹരിച്ച 7,97,680/- രൂപ കുറച്ചിട്ടുള്ള 7,02,320/- രൂപ ആശുപത്രിയിലേയ്ക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത വ്യക്തിയുടെ അപേക്ഷ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ടിയാന്റെ മകൻ മാസ്റ്റർ. അമയ് മനോജിന്റെ ചികിത്സയ്ക്കായി 15,00,000/ രൂപ വീ കെയർ പദ്ധതി വഴി അനുവദിച്ചിരുന്നു. എന്നാൽ 7,97,680/- രൂപ ചികിത്സാ സഹായ കമ്മിറ്റി വഴി അപേക്ഷകന് ലഭിച്ചതിനാൽ, കുട്ടിയുടെ ചികിത്സക്കായി അനുവദിച്ച 15,00,000/- രൂപയിൽ നിന്നും ചികിത്സാ സഹായ കമ്മിറ്റി വഴി സമാഹരിച്ച 7,97,680/- രൂപ കുറവ് വരുത്തിയിട്ടുള്ള തുകയായ 7,02,320/- രൂപ ആശുപത്രിയിലേയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ